# പ്രവാചകന്മാരിലുള്ള വിശ്വാസം

ഗ്രന്ഥകർത്താവ്: ശൈഖ് സഅദ് ബിൻ നാസിർ അശ്ശഥ്രി
ഗ്രന്ഥം: ആറാഉസ്സൂഫിയ്യ ഫീ അർകാനിൽ ഈമാൻ
വിവർത്തകൻ: ശമീർ മദീനി

മനുഷ്യരെ നന്മയിലേക്ക് നയിക്കുന്നതിനും സന്മാർഗ ദർശനത്തിനുമായി അല്ലാഹു നിരവധി ദൂതന്മാരെയും പ്രവാചകന്മാരെയും മനുഷ്യവർഗത്തിലേക്ക് അയച്ചിട്ടുണ്ടെന്ന് അറിയിക്കുന്ന അനവധി തെളിവുകളുണ്ട്.

അല്ലാഹു പറയുന്നു:

وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولًا أَنِ ٱعْبُدُوا۟ ٱللَّهَ وَٱجْتَنِبُوا۟ ٱلطَّٰغُوتَ ۖ فَمِنْهُم مَّنْ هَدَى ٱللَّهُ وَمِنْهُم مَّنْ حَقَّتْ عَلَيْهِ ٱلضَّلَٰلَةُ ۚ فَسِيرُوا۟ فِي ٱلْأَرْضِ فَٱنظُرُوا۟ كَيْفَ كَانَ عَٰقِبَةُ ٱلْمُكَذِّبِينَ ﴿٣٦﴾

''തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി.) എന്നിട്ട് അവരിൽ ചിലരെ അല്ലാഹു നേർവഴിയിലാക്കി. അവരിൽ ചിലരുടെ മേൽ വഴികേട് സ്ഥിരപ്പെടുകയും ചെയ്തു. ആകയാൽ നിങ്ങൾ ഭൂമിയിലൂടെ നടന്നിട്ട് നിഷേധിച്ചു തള്ളിക്കളഞ്ഞവരുടെ പര്യവസാനം എപ്രകാരമായിരുന്നുവെന്ന് നോക്കുക.'' (16:36)

അവർ അറിയിക്കുന്ന കാര്യങ്ങൾ സത്യപ്പെടുത്തി അംഗീകരിക്കലും അവർ കൽപിക്കുന്ന കാര്യങ്ങളിൽ അവരെ അനുസരിക്കലും അല്ലാഹു നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. മുഹമ്മദ് നബി(ﷺ) മനുഷ്യരിൽ വെച്ച് ഏറ്റവും ഉൽകൃഷ്ടനും അന്ത്യപ്രവാചകനുമാണെന്ന് നാം വിശ്വസിക്കുന്നു. നമ്മുടെ സ്വന്തം ശരീരത്തേക്കാളും മറ്റു സർവ സൃഷ്ടികളേക്കാളുമെല്ലാമുപരിയായി നാം അദ്ദേഹത്തെ സ്നേഹിക്കുകയും ചെയ്യുന്നു. തീർച്ചയായും അല്ലാഹു അദ്ദേഹത്തെ ആദരിക്കുകയും മഹത്തരമായ പല പ്രത്യേകതകളും നൽകി അനുഗ്രഹിക്കുകയും ചെയ്തിട്ടുണ്ട്. പരലോകത്തുവെച്ചുള്ള ശുപാർശ(ശഫാഅത്ത്)യും ഹൗളുൽ കൗഥറുമൊക്കെ അവയിൽപ്പെട്ടതാണ്.

എന്നാൽ അമ്പിയാക്കാന്മാരിലുള്ള വിശ്വാസവുമായി ബന്ധപ്പെട്ട് മറ്റ് പല ചിന്താഗതികളുമാണ് സൂഫിയ്യാക്കൾക്കുള്ളത്. അവരിൽ ഭൂരിഭാഗവും പറയാറുള്ളതുപോലെ, ''മുഹമ്മദ് നബി(ﷺ) പ്രകാശത്താലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്നതും മുഹമ്മദ് നബി(ﷺ)യുടെ പ്രകാശമാണ് ആദ്യ സൃഷ്ടി'' എന്നതുമൊക്കെ അത്തരത്തിലുള്ള ചിലതു മാത്രമാണ്. എന്നാൽ അല്ലാഹു പറയുന്നതിപ്രകാരമാണ്:

قُلْ إِنَّمَآ أَنَا۠ بَشَرٌ مِّثْلُكُمْ يُوحَىٰٓ إِلَىَّ أَنَّمَآ إِلَٰهُكُمْ إِلَٰهٌ وَٰحِدٌ ۖ

''(മുഹമ്മദേ,) പറയുക! തീർച്ചയായും ഞാൻ നിങ്ങളെ പോലുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാണെന്ന് എനിക്ക് ബോധനം(വഹ്‌യ്) നൽകപ്പെട്ടിരിക്കുന്നു.''(18:110)

അല്ലാഹുവിന്റെ ഈ വചനങ്ങളും അവരുടെ വാദത്തിന് മറുപടി നൽകുന്നുണ്ട്.

وَلَقَدۡ خَلَقۡنَا ٱلۡإِنسَٰنَ مِن سُلَٰلَةٖ مِّن طِينٖ ۝١٢ ثُمَّ جَعَلۡنَٰهُ نُطۡفَةٗ فِي قَرَارٖ مَّكِينٖ ۝١٣

''തീർച്ചയായും മനുഷ്യനെ കളിമണ്ണിന്റെ സത്തിൽ നിന്ന് നാം സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് ഒരു ബീജമായിക്കൊണ്ട് അവനെ നാം ഭദ്രമായ ഒരു സ്ഥാനത്ത് വെച്ചു.'' (23:12,13)

إِنَّا خَلَقۡنَا ٱلۡإِنسَٰنَ مِن نُّطۡفَةٍ أَمۡشَاجٖ نَّبۡتَلِيهِ فَجَعَلۡنَٰهُ سَمِيعَۢا بَصِيرًا ۝٢

''കൂടിച്ചേർന്നുണ്ടായ ഒരു ബീജത്തിൽ നിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു. അവനെ നാം പരീക്ഷിക്കുവാനായിട്ട്. അങ്ങനെ അവനെ നാം കേൾവിയുള്ളവനും കാഴ്ചയുള്ളവനുമാക്കിയിരിക്കുന്നു.'' (76:2)

അറിയപ്പെട്ട രണ്ട് ഖുറൈശീ മാതാപിതാക്കൾക്ക് ജനിച്ച സന്തതിയാണ് മുഹമ്മദ് നബി(ﷺ) എന്നതും സുപ്രസിദ്ധമാണ്. അല്ലാഹു പറയുന്നു:

وَمَا مُحَمَّدٌ إِلَّا رَسُولٞ قَدۡ خَلَتۡ مِن قَبۡلِهِ ٱلرُّسُلُۚ أَفَإِيْن مَّاتَ أَوۡ قُتِلَ ٱنقَلَبۡتُمۡ عَلَىٰٓ أَعۡقَٰبِكُمۡۚ وَمَن يَنقَلِبۡ عَلَىٰ عَقِبَيۡهِ فَلَن يَضُرَّ ٱللَّهَ شَيۡـٔٗاۗ وَسَيَجۡزِي ٱللَّهُ ٱلشَّٰكِرِينَ ۝١٤٤

''മുഹമ്മദ് അല്ലാഹുവിന്റെ ഒരു ദൂതൻ മാത്രമാകുന്നു. അദ്ദേഹത്തിന് മുമ്പും ദൂതന്മാർ കഴിഞ്ഞുപോയിട്ടുണ്ട്. അദ്ദേഹം മരണപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്തെങ്കിൽ നിങ്ങൾ പുറകോട്ട് തിരിച്ചുപോകുകയോ? ആരെങ്കിലും പുറകോട്ട് തിരിച്ചുപോകുന്നപക്ഷം അല്ലാഹുവിന് ഒരു ദ്രോഹവും അത് വരുത്തുകയില്ല. നന്ദി കാണിക്കുന്നവർക്ക് അല്ലാഹു തക്കതായ പ്രതിഫലം നൽകുന്നതാണ്.'' (3:144)

ഇതുകൊണ്ടും മതിയാക്കാതെ അവരിൽ ചിലർ നബി(ﷺ)യിലേക്ക് ഒരു കള്ളവാർത്ത ചേർത്ത് പ്രചരിപ്പിക്കുകയും ചെയ്യാറുണ്ട്. അതായത് അവിടുന്ന് ഇങ്ങനെ പറഞ്ഞു പോൽ. ''ആദം കളിമണ്ണിനും വെള്ളത്തിനുമിടയിൽ ആയിരിക്കെത്തന്നെ ഞാൻ നബിയായിരുന്നു''. യാതൊരടിസ്ഥാനവുമില്ലാത്ത ഇത് നിർമിതമായ വ്യാജ ഹദീഥാണെന്ന വസ്തുത അനവധി പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുണ്ട്. അതിന്റെ ആശയം നിരർഥകവുമാണ്. ആദം(عليه السلام) കളിമണ്ണിനും വെള്ളത്തിനുമിടയിൽ ആയിരുന്ന ഒരവസ്ഥ ഉണ്ടായിട്ടേയില്ല. കളിമണ്ണ് എന്നതു തന്നെ മണ്ണും വെള്ളവും ചേർന്നതാണ്. തീർച്ചയായും ആദം(عليه السلام) ആകട്ടെ, ശരീരവും ആത്മാവും ചേർന്നതാണ്.

'ലൗഹുൽ മഹ്ഫൂളി'ലുള്ളതൊക്കെയും നബി(ﷺ)ക്ക് അറിയുമെന്നും അദ്ദേഹത്തിന്റെ ഔദാര്യമാണ് ദുൻയാവെന്നുമൊക്കെ അവരിൽ ചിലർ ജൽപിക്കുന്നു. അല്ലാഹു തആലാ നബി(ﷺ)യോട് പറയുന്നത് കാണുക:

قُل لَّآ أَمۡلِكُ لِنَفۡسِي نَفۡعٗا وَلَا ضَرًّا إِلَّا مَا شَآءَ ٱللَّهُۚ وَلَوۡ كُنتُ أَعۡلَمُ ٱلۡغَيۡبَ لَٱسۡتَكۡثَرۡتُ مِنَ ٱلۡخَيۡرِ وَمَا مَسَّنِيَ ٱلسُّوٓءُۚ إِنۡ أَنَا۠ إِلَّا نَذِيرٞ وَبَشِيرٞ لِّقَوۡمٖ يُؤۡمِنُونَ ۝١٨٨

''(നബിയേ,) പറയുക: എന്റെ സ്വന്തം ദേഹത്തിനു തന്നെ ഉപകാരമോ ഉപദ്രവമോ വരുത്തൽ എന്റെ അധീനത്തിൽ പെട്ടതല്ല. അല്ലാഹു ഉദ്ദേശിച്ചതൊഴികെ. എനിക്ക് മറഞ്ഞ കാര്യങ്ങളറിയാമായിരുന്നുവെങ്കിൽ ഞാൻ ധാരാളം ഗുണം നേടിയെടുക്കുമായിരുന്നു. തിന്മ എന്നെ ബാധിക്കുകയുമില്ലായിരുന്നു. ഞാനൊരു താക്കീതുകാരനും വിശ്വസിക്കുന്ന ജനങ്ങൾക്ക് സന്തോഷമറിയിക്കുന്നവനും മാത്രമാണ്.'' (7:188)

അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് നിങ്ങളെ രക്ഷപ്പെടുത്താൻ എനിക്ക് ഒരു വിധത്തിലും സാധിക്കുകയില്ലെന്ന് നബി(ﷺ) തന്റെ അടുത്ത ബന്ധുക്കളോടു പോലും പറഞ്ഞിരുന്നതായി സ്വഹീഹായ ഹദീഥുകളിൽ വന്നിട്ടുണ്ട്. അല്ലാഹു പറയുന്നു:

قُلْ مَا كُنتُ بِدْعًا مِّنَ ٱلرُّسُلِ وَمَآ أَدْرِى مَا يُفْعَلُ بِى وَلَا بِكُمْ ۖ إِنْ أَتَّبِعُ إِلَّا مَا يُوحَىٰٓ إِلَىَّ وَمَآ أَنَا۠ إِلَّا نَذِيرٌ مُّبِينٌ ﴿٩﴾

''(നബിയേ,) പറയുക: ഞാൻ ദൈവദൂതന്മാരിൽ ഒരു പുതുമക്കാരനൊന്നുമല്ല. എന്നെ ക്കൊണ്ടോ നിങ്ങളെക്കൊണ്ടോ എന്ത് ചെയ്യപ്പെടുമെന്ന് എനിക്കറിയുകയുമില്ല. എനിക്ക് ബോധനം നൽകപ്പെടുന്നതിനെ പിൻതുടരുക മാത്രമാകുന്നു ഞാൻ ചെയ്യുന്നത്. ഞാൻ വ്യക്തമായ താക്കീതുകാരൻ മാത്രമാകുന്നു.'' (46:9)

സൂഫിയ്യാക്കളുടെ പിഴവുകളിൽ പെട്ട മറ്റൊന്നാണ് നബി(ﷺ)യോടുള്ള പ്രാർഥന. വാസ്തവത്തിൽ ഇസ്‌ലാമിക വൃത്തത്തിൽ നിന്നു തന്നെ പുറത്തു കളയുന്ന വൻ പാപമായ ശിർക്കാകുന്നു അത്. അവരിൽ ചിലർ ''അല്ലാഹുവിന്റെ റസൂലേ, എന്റെ ആവശ്യങ്ങൾ നിറവേറ്റിത്തരേണമേ, റബ്ബിന്റെയടുക്കൽ എനിക്കു വേണ്ടി അങ്ങ് ശഫാഅത്ത് ചെയ്യേണമേ....'' എന്നിങ്ങനെ പ്രാർഥിക്കുന്നതായി കാണാം. പ്രാർഥനയാകട്ടെ, അല്ലാഹുവല്ലാത്ത ഒരാളോടും പാടില്ല. കാരണം അത് ഇബാദത്ത് അഥവാ ആരാധനയാണ്. ഇബാദത്ത് അല്ലാഹുവല്ലാത്തവർക്ക് അർപിക്കൽ ഇസ്‌ലാമിൽ നിന്നു തന്നെ പുറത്തുകളയുന്ന ശിർക്കാകുന്നു.

അല്ലാഹു പറയുന്നു:

وَإِذَا سَأَلَكَ عِبَادِى عَنِّى فَإِنِّى قَرِيبٌ ۖ أُجِيبُ دَعْوَةَ ٱلدَّاعِ إِذَا دَعَانِ ۖ فَلْيَسْتَجِيبُوا۟ لِى وَلْيُؤْمِنُوا۟ بِى لَعَلَّهُمْ يَرْشُدُونَ ﴿١٨٦﴾

''നിന്നോട് നിന്റെ ദാസന്മാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്നു പറയുക.) പ്രാർഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനക്ക് ഉത്തരം നൽകുന്നതാണ്''. (2:186).

ഈ ആയത്തുണ്ടായിരിക്കെ അല്ലാഹുവല്ലാത്ത ഒരാളോടും ദുആ ചെയ്യേണ്ട യാതൊരാവശ്യവും നമുക്കില്ല.

സൂഫിയ്യാക്കളിൽ ചിലരുടെ വിശ്വാസം, ഭൗതികലോകത്തെ ഒരാളുടെ ജീവിതം പോലെ തന്നെ നബി(ﷺ) ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്നും ഉപജീവനം നൽകപ്പെട്ടുകൊണ്ടിരിക്കുന്നു വെന്നുമാണ്. അല്ലാഹു പറയുന്നതാകട്ടെ ഇപ്രകാരമാണ്:

إِنَّكَ مَيِّتٌ وَإِنَّهُم مَّيِّتُونَ ﴿٣٠﴾

''തീർച്ചയായും നീ മരിക്കുനവനാകുന്നു. അവരും മരിക്കുന്നവരാകുന്നു.'' (39:30)

നബി(ﷺ) മരണപ്പെട്ടുപോയി. അവിടുന്ന് തന്റെ 'ഖബ്‌റിൽ' ബർസഖിയായ ലോകത്ത് ശുഹദാക്കളേക്കാൾ ഉന്നതമായ നിലയിൽ ജീവിച്ചുകൊണ്ടിരിക്കുന്നു. അതൊരിക്കലും ഭൗതികലോകത്തെ ജീവിതം പോലെയല്ല, അതിൽനിന്നു തന്നെ നബി(ﷺ)യെ കണ്ടുവെന്നും അവരുടെ സദസ്സുകളിലും യോഗങ്ങളിലുമൊക്കെ സന്നിഹിതരായി എന്നുമൊക്കെ പറയുന്ന

സൂഫിയ്യാക്കളിൽ ചിലരുടെ വാദത്തിന്റെ നിരർഥകതയും മനസ്സിലാക്കാവുന്നതാണ്. മാത്രമല്ല, അവരിൽ ചിലർ നബി(ﷺ)യോട് പാപമോചനത്തിനർപിക്കാറുമുണ്ട്.[1]

എന്നാൽ മഹാനും പ്രതാപിയുമായ അല്ലാഹു ചോദിക്കുന്നത് കാണുക:

وَمَن يَغْفِرُ ٱلذُّنُوبَ إِلَّا ٱللَّهُ

''അല്ലാഹുവല്ലാതെ പാപങ്ങൾ പൊറുക്കാൻ മറ്റാരുണ്ട്?'' (3:135)

നബി(ﷺ)യുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ വരുന്ന മറ്റൊരു വിഷയമാണ് തവസ്സുൽ. നബി(ﷺ)യെ കൊണ്ടുള്ള തവസ്സുൽ മൂന്ന് തരത്തിലാണ്.

**ഒന്ന്:** നബി(ﷺ)യോടുള്ള സ്നേഹവും അനുസരണവും അവിടുത്തെ മാർഗനിർദേശങ്ങൾ പിൻപറ്റലും കൊണ്ടൊക്കെ അല്ലാഹുവിലേക്ക് അടുക്കൽ. ഇത് മതത്തിൽ അനുവദിക്കപ്പെട്ടതാണ്. കാരണം സൽകർമങ്ങൾ മുഖേന അല്ലാഹുവിലേക്ക് അടുക്കൽ അനുവദിക്കപ്പെട്ട തവസ്സുലാണ്. സത്യവിശ്വാസികളുടെ പ്രാർഥനയായി അല്ലാഹു പറയുന്നു:

رَّبَّنَآ إِنَّنَا سَمِعْنَا مُنَادِيًا يُنَادِى لِلْإِيمَـٰنِ أَنْ ءَامِنُوا۟ بِرَبِّكُمْ فَـَٔامَنَّا ۚ رَبَّنَا فَٱغْفِرْ لَنَا ذُنُوبَنَا وَكَفِّرْ عَنَّا سَيِّـَٔاتِنَا وَتَوَفَّنَا مَعَ ٱلْأَبْرَارِ ﴿١٩٣﴾ رَبَّنَا وَءَاتِنَا مَا وَعَدتَّنَا عَلَىٰ رُسُلِكَ وَلَا تُخْزِنَا يَوْمَ ٱلْقِيَـٰمَةِ ۗ إِنَّكَ لَا تُخْلِفُ ٱلْمِيعَادَ ﴿١٩٤﴾ فَٱسْتَجَابَ لَهُمْ رَبُّهُمْ أَنِّى لَآ أُضِيعُ عَمَلَ عَـٰمِلٍ مِّنكُم مِّن ذَكَرٍ أَوْ أُنثَىٰ ۖ بَعْضُكُم مِّنۢ بَعْضٍ ۖ فَٱلَّذِينَ هَاجَرُوا۟ وَأُخْرِجُوا۟ مِن دِيَـٰرِهِمْ وَأُوذُوا۟ فِى سَبِيلِى وَقَـٰتَلُوا۟ وَقُتِلُوا۟ لَأُكَفِّرَنَّ عَنْهُمْ سَيِّـَٔاتِهِمْ وَلَأُدْخِلَنَّهُمْ جَنَّـٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ ثَوَابًا مِّنْ عِندِ ٱللَّهِ ۗ وَٱللَّهُ عِندَهُۥ حُسْنُ ٱلثَّوَابِ ﴿١٩٥﴾

''ഞങ്ങളുടെ രക്ഷിതാവേ, സത്യവിശ്വാസത്തിലേക്ക് ക്ഷണിക്കുന്ന ഒരു പ്രബോധകൻ 'നിങ്ങൾ നിങ്ങളുടെ രക്ഷിതാവിൽ വിശ്വസിക്കുവിൻ' എന്നു പറയുന്നത് ഞങ്ങൾ കേട്ടു. അങ്ങനെ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, അതിനാൽ ഞങ്ങളുടെ പാപങ്ങൾ ഞങ്ങൾക്ക് നീ പൊറുത്തുതരികയും ഞങ്ങളുടെ തിന്മകൾ ഞങ്ങളിൽ നിന്ന് നീ മാച്ചുകളയുകയും ചെയ്യേണമേ. പുണ്യവാന്മാരുടെ കൂട്ടത്തിലായി ഞങ്ങളെ നീ മരിപ്പിക്കുകയും ചെയ്യേണമേ. ഞങ്ങളുടെ രക്ഷിതാവേ, നിന്റെ ദൂതന്മാർ മുഖേന ഞങ്ങളോട് നീ വാഗ്ദാനം ചെയ്തത് ഞങ്ങൾക്ക് നൽകുകയും ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ഞങ്ങൾക്കു നീ നിന്ദ്യത വരുത്താതിരിക്കുകയും ചെയ്യേണമേ. നീ വാഗ്ദാനം ലംഘിക്കുകയില്ല; തീർച്ച. അപ്പോൾ അവരുടെ രക്ഷിതാവ് അവർക്ക് ഉത്തരം നൽകി: പുരുഷനാകട്ടെ, സ്ത്രീയാകട്ടെ നിങ്ങളിൽ നിന്നും പ്രവർത്തിക്കുന്ന ഒരാളുടെയും പ്രവർത്തനം ഞാൻ നിഷ്ഫലമാക്കുകയില്ല. ആകയാൽ സ്വന്തം നാടു വെടിയുകയും, സ്വന്തം വീടുകളിൽ നിന്ന് പുറത്താക്കപ്പെടുകയും, എന്റെ മാർഗത്തിൽ മർദിക്കപ്പെടുകയും, യുദ്ധത്തിലേർപ്പെടുകയും, കൊല്ലപ്പെടുകയും ചെയ്തിട്ടുള്ളവരാരോ അവർക്ക് ഞാൻ അവരുടെ തിന്മകൾ മാച്ചുകൊടുക്കുന്നതും, താഴ്ഭാഗത്തുകൂടി അരുവികളൊഴുകുന്ന സ്വർഗത്തോപ്പുകളിൽ അവരെ ഞാൻ പ്രവേശിപ്പിക്കുന്നതുമാണ്. അല്ലാഹുവിങ്കൽ നിന്നുള്ള പ്രതിഫലമത്രെ അത്. അല്ലാഹുവിന്റെ പക്കലാണ് ഉത്തമമായ പ്രതിഫലമുള്ളത്.'' (3:193–195)

---

[1] മൻഖൂസ് മൗലൂദിലെ ഈ വരികൾ അതിനൊരു ഉദാഹരണമാണ്. ''ഇർത്തകബ്തു അലൽ ഖതാ ഗൈറ ഹസ്രിൻ വഅദദ് ലക്ക അശ്ക്കൂ ഫീഹിയാ സയ്യിദീ ഖൈറന്നബീ'' അർഥം: ''പാപമാകുന്ന വാഹനത്തിൽ ഞാൻ കയറിപ്പോയി. കയ്യും കണക്കുമില്ലാത്തത്ര തെറ്റുകൾ ചെയ്തുപോയി. പ്രവാചകന്മാരിൽ ശ്രേഷ്ഠനായ (മുഹമ്മദ് നബിയേ,) അതിൽ ഞാനങ്ങയോട് ആവലാതി ബോധിപ്പിക്കുന്നു''. (വിവർത്തകൻ)

നബി(ﷺ)യിൽ വിശ്വസിക്കുകയും നബി(ﷺ)യെ അനുസരിക്കുകയും ചെയ്യുന്നതിലൂടെയല്ലാതെ സർവലോകരക്ഷിതാവായ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുവാനും സ്വർഗ പ്രവേശനത്തിനും സാധിക്കുകയില്ല.

രണ്ട്: നബി(ﷺ)യുടെ പ്രാർഥന കൊണ്ടുള്ള തവസ്സുൽ. അതായത് തനിക്കുവേണ്ടി പ്രാർഥിക്കാനായി ഒരാൾ നബി(ﷺ)യോട് ആവശ്യപ്പെടുകയും അതനുസരിച്ച് അയാൾ അല്ലാഹുവോട് ഇപ്രകാരം പറയുകയും ചെയ്യുക ''എന്റെ രക്ഷിതാവേ, നിന്റെ പ്രവാചകൻ എനിക്കുവേണ്ടി ദുആ ചെയ്തിരിക്കുന്നു എന്നത് മുൻനിർത്തി ഞാൻ നിന്നോട് ചോദിക്കുന്നു....''

നബി(ﷺ)യുടെ കാലത്ത് ജീവിച്ചിരുന്ന, പ്രവാചക സന്നിധിയിൽ ചെന്ന് നേരിട്ട് സംസാരിച്ച ഒരാളെ സംബന്ധിച്ചിടത്തോളം ഇത് സാധുവാണ്. എന്നാൽ നബി(ﷺ)യുടെ മരണശേഷം 'തനിക്കുവേണ്ടി പ്രാർഥിക്കണേ' എന്ന് അവിടത്തോട് അപേക്ഷിക്കുന്ന ഒരാൾ തീർച്ചയായും അല്ലാഹു അല്ലാത്തവരോട് പ്രാർഥിക്കുകയാണ് അതിലൂടെ ചെയ്യുന്നത്. പ്രാർഥനയാകട്ടെ അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാണ്. അത് മറ്റൊരാളിലേക്കും തിരിക്കാൻ പാടില്ല. അതുകൊണ്ടാണ് സ്വഹാബികൾ നബി(ﷺ)യുടെ ജീവിതകാലത്ത് നബി(ﷺ)യോട് അവർക്കു വേണ്ടി പ്രാർഥിക്കുവാൻ ആവശ്യപ്പെടുകയും എന്നാൽ മരണശേഷം അത്തരത്തിൽ യാതൊന്നും ആവശ്യപ്പെടാതിരുന്നതും. അതിനാൽ ഉമർ(رضي الله عنه) തന്റെ ഭരണകാലത്ത് മഴയില്ലാതായപ്പോൾ ഇപ്രകാരം അല്ലാഹുവോട് പ്രാർഥിച്ചു. ''അല്ലാഹുവേ, ഞങ്ങൾ (നബി(ﷺ)യുടെ കാലത്ത്) നിന്റെ പ്രവാചകനെ കൊണ്ട് മഴക്കു വേണ്ടി പ്രാർഥിക്കുകയും അങ്ങനെ നീ ഞങ്ങൾക്ക് മഴ തരികയും ചെയ്യുമായിരുന്നു. എന്നാൽ ഇപ്പോൾ (നബി(ﷺ)യുടെ മരണശേഷം) ഞങ്ങൾ നിന്റെ പ്രവാചകന്റെ പിതൃവ്യനെ കൊണ്ട് നിന്നോട് മഴക്കു വേണ്ടി പ്രാർഥിക്കുന്നു....'' (ബുഖാരി). അല്ലാതെ നബി(ﷺ)യുടെ മരണശേഷവും പ്രാർഥിക്കാൻ വേണ്ടി നബി(ﷺ)യോട് അദ്ദേഹം ആവശ്യപ്പെട്ടില്ല. പ്രത്യുത ജീവിച്ചിരിക്കുന്ന ഒരാളോട് പ്രാർഥനക്ക് നേതൃത്വം കൊടുക്കാൻ ആവശ്യപ്പെടുകയാണ് ചെയ്തത്. അതായത്, അബ്ബാസ്(رضي الله عنه)ന്റെ പ്രാർഥന കൊണ്ട് തവസ്സുലാക്കുകയും മുമ്പ് പ്രവാചകകാലത്ത് ചെയ്തിരുന്നപോലെ നബി(ﷺ)യുടെ പ്രാർഥന കൊണ്ട് ഞങ്ങൾ തവസ്സുലാക്കുന്നില്ല; കാരണം നബി(ﷺ) മരണപ്പെട്ടുപോയി എന്നുമാണ് ഉമർ(رضي الله عنه)ന്റെ വാക്കുകൾ വ്യക്തമാക്കുന്നത്.

എന്നാൽ അന്ധന്റെ ഹദീഥിൽ വന്ന ''അല്ലാഹുവേ, നിന്റെ പ്രവാചകനെ കൊണ്ട് ഞാൻ നിന്നിലേക്ക് തിരിയുകയും നിന്നോട് ചോദിക്കുകയും ചെയ്യുന്നു'' എന്ന റിപ്പോർട്ട് സ്വഹീഹാണെന്ന് സങ്കൽപിച്ചാൽ തന്നെയും അതിന്റെ വിവക്ഷ, 'അല്ലാഹുവേ, നിന്റെ പ്രവാചകന്റെ പ്രാർഥനയുമായി ഞാൻ നിന്നിലേക്ക് തിരിയുകയും നിന്നോട് പ്രാർഥിക്കുകയും ചെയ്യുന്നു' എന്നാണ്. കാരണം അയാൾ നബി(ﷺ)യുടെ ജീവിതകാലത്ത് നബി(ﷺ)യുടെ സന്നിധിയിൽ ചെന്ന് തനിക്കുവേണ്ടി പ്രാർഥിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. പ്രാർഥന കൊണ്ടല്ലാതെ നബി(ﷺ)യുടെ 'ദാത്ത്'(അസ്ഥിത്വം) കൊണ്ടാണ് അദ്ദേഹം തവസ്സുലാക്കിയത് എങ്കിൽ നബി(ﷺ)യുടെ അടുത്തേക്ക് പോവുകയും പ്രാർഥിക്കാൻ ആവശ്യപ്പെടുകയും ചെയ്യുകയില്ലായിരുന്നു. എന്നിട്ട് അദ്ദേഹം പറഞ്ഞു: ''അല്ലാഹുവേ, എന്റെ കാര്യത്തിൽ നബി(ﷺ)യെ നീ ശുപാർശകനാക്കേണമേ'' (അഥവാ നബി(ﷺ) എനിക്കുവേണ്ടി പ്രാർഥിച്ചത് നീ സ്വീകരിക്കേണമേ.) നബി(ﷺ)യുടെ അസ്ഥിത്വം (ദാത്ത്) കൊണ്ടായിരുന്നു അദ്ദേഹം തവസ്സുൽ ചെയ്തതെങ്കിൽ ഈ വാക്കിന് യാതൊരു അർഥവും ഉണ്ടാവുകയില്ല. ചിലർ ഇത് നബി(ﷺ)യെയും വിട്ട് ഔലിയാക്കളെ കൊണ്ടും ചെയ്യുന്നു.

മൂന്ന്: നബി(ﷺ)യുടെയോ സ്വഹാബത്തിന്റെയോ മാതൃകയില്ലാത്ത ബിദ്ഈ തവസ്സുൽ. ബിദ്ഈ തവസ്സുലുകളുടെ കൂട്ടത്തിൽ പെട്ടതുതന്നെയാണ് നബി(ﷺ)യുടെ അസ്ഥിത്വം(ദാത്ത്) കൊണ്ടും ശരീരം(ജസദ്) കൊണ്ടും സ്ഥാനം(ജാഹ്) കൊണ്ടുമൊക്കെയുള്ള പ്രാർഥനകൾ. ഇവ നൂതനാചരവും അനനുവദനീയവുമാണ്. എന്തുകൊണ്ടെന്നാൽ നബി(ﷺ)യോ സ്വഹാബത്തോ അങ്ങനെ ചെയ്തിട്ടില്ല. അവർ ചെയ്തിട്ടില്ലാത്ത ഇത്തരത്തിലുള്ള ഇബാദത്തുകൾ അഖിലവും ബിദ്അത്തുകളാണ്.

ചിലർ ഇതിന്റെ നാമകരണത്തിൽ ചില ഭേദഗതികൾ വരുത്തിക്കൊണ്ട് നബി(ﷺ)യോട് വിളിച്ചു പ്രാർഥിക്കുന്നതിന് തവസ്സുൽ എന്ന ഓമനപ്പേര് നൽകി. അങ്ങനെ ഒരാൾ ''നബിയേ, എന്റെ രോഗിയുടെ അസുഖം ഭേദമാക്കേണമേ....'' എന്ന് പ്രാർഥിച്ചാൽ അവർ അതിന് പറയുന്ന പേര് നബി(ﷺ)യെ കൊണ്ടുള്ള തവസ്സുൽ എന്നാണ്. അറബിഭാഷ അറിയുന്ന ഏതൊരാളും അല്ലെങ്കിൽ പദങ്ങൾ ഗ്രഹിക്കാനുള്ള ഗ്രാഹ്യശേഷിയെങ്കിലുമുള്ള ഏതൊരാൾക്കും അറിയാവുന്നതാണ് ഇത് നബി(ﷺ)യോടുള്ള ശുദ്ധപ്രാർഥനയാണ്; തവസ്സുലല്ല എന്നത്. അല്ലാഹുവല്ലാത്തവരോടുള്ള പ്രാർഥന ശിർക്കും മതം വിലക്കിയതുമാണ് എന്ന കാര്യം മുമ്പ് വ്യക്തമാക്കിയതാണല്ലൊ. ഇതും തവസ്സുലെന്ന പേരിൽ പറയപ്പെടുന്ന മറ്റൊരു തരമാണ്.

അമ്പിയാക്കന്മാരിലുള്ള വിശ്വാസവുമായി ബന്ധപ്പെട്ട സൂഫി വിശ്വാസങ്ങളിൽപ്പെട്ട മറ്റൊന്നാണ്, ചിലയാളുകൾക്ക് ശരീഅത്തിന്റെ നിയമശാസനകൾ ബാധകമല്ല എന്നും നബി(ﷺ)യുടെ മാതൃകയനുസരിച്ചല്ലാതെയും അല്ലാഹുവിന് ഇബാദത്ത് ചെയ്യാം എന്നും ഒക്കെയുള്ള വാദങ്ങൾ. വലിയ്യായ ഖിള്ർ(عليه السلام)[2] ന് മൂസാനബി(عليه السلام)ന്റെ ശരീഅത്ത് ബാധകമായിരുന്നില്ല. ഖിള്ർ(عليه السلام) ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. അദ്ദേഹം മുഹമ്മദ് നബി(ﷺ) പഠിപ്പിച്ച ഇസ്‌ലാമിക ശരീഅത്തനുസരിച്ചല്ല പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഔലിയാക്കൾ അദ്ദേഹത്തെ കണ്ടുമുട്ടുകയും അറിവ് സ്വീകരിക്കുകയും ഒക്കെ ചെയ്യാറുണ്ട് എന്നിങ്ങനെ തുടങ്ങിയുള്ള ഇത്തരം വിശ്വാസങ്ങൾ ഇസ്‌ലാം ദീനിന് കടകവിരുദ്ധമാണ്. മുഹമ്മദ് നബി(ﷺ)യുടെ നിയോഗമനദൗത്യം സർവ മനുഷ്യരിലേക്കുമാണെന്നും, സർവമനുഷ്യരും അദ്ദേഹത്തെ പിൻപറ്റാൻ ബാധ്യസ്ഥരുമാണെന്നുമാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അല്ലാഹു പറയുന്നു:

قُل لَّكُم مِّيعَادُ يَوْمٍ لَّا تَسْتَـْٔخِرُونَ عَنْهُ سَاعَةً وَلَا تَسْتَقْدِمُونَ ﴿٣٠﴾

''പറയുക: നിങ്ങൾക്കൊരു നിശ്ചിത ദിവസമുണ്ട്. അതു വിട്ട് ഒരു നിമിഷം പോലും നിങ്ങൾ പിന്നോട്ട് പോകുകയോ മുന്നോട്ട് പോകുകയോ ഇല്ല.'' (34:30)

പരിശുദ്ധനായ അല്ലാഹു തന്റെ പ്രവാചകൻ(ﷺ)യോട് പറയുന്നു:

قُلْ يَـٰٓأَيُّهَا ٱلنَّاسُ إِنِّى رَسُولُ ٱللَّهِ إِلَيْكُمْ جَمِيعًا ٱلَّذِى لَهُۥ مُلْكُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۖ لَآ إِلَـٰهَ إِلَّا هُوَ يُحْىِۦ وَيُمِيتُ ۖ فَـَٔامِنُوا۟ بِٱللَّهِ وَرَسُولِهِ ٱلنَّبِىِّ ٱلْأُمِّىِّ ٱلَّذِى يُؤْمِنُ بِٱللَّهِ وَكَلِمَـٰتِهِۦ وَٱتَّبِعُوهُ لَعَلَّكُمْ تَهْتَدُونَ ﴿١٥٨﴾

''പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ഏതൊരുവന്നാണോ അവന്റെ (ദൂതൻ). അവനല്ലാതെ ഒരു ദൈവവുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുവിൻ. അതെ, അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന അക്ഷരജ്ഞാനമില്ലാത്ത ആ

[2] ഖിള്ർ(عليه السلام) അല്ലാഹുവിന്റെ പ്രവാചകനാണ് എന്നതാണ് പ്രബലമായ അഭിപ്രായം. (വിവർത്തകൻ)

പ്രവാചകനിൽ. അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുവിൻ നിങ്ങൾക്ക് നേർമാർഗം പ്രാപിക്കാം.'' (7:158)

ഖിള്ർ(ﷺ) മരണപ്പെട്ടു. അദ്ദേഹമെങ്ങാനും ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ പ്രവാചക സന്നിധിയിൽ വന്ന് സ്വഹാബിയായി സഹവാസത്തിന്റെ ശ്രേഷ്ഠത കൈവരിക്കുമായിരുന്നു.

അല്ലാഹു പറയുന്നു:

وَإِذْ أَخَذَ ٱللَّهُ مِيثَٰقَ ٱلنَّبِيِّـۧنَ لَمَآ ءَاتَيْتُكُم مِّن كِتَٰبٍ وَحِكْمَةٍ ثُمَّ جَآءَكُمْ رَسُولٌ مُّصَدِّقٌ لِّمَا مَعَكُمْ لَتُؤْمِنُنَّ بِهِۦ وَلَتَنصُرُنَّهُۥ ۚ قَالَ ءَأَقْرَرْتُمْ وَأَخَذْتُمْ عَلَىٰ ذَٰلِكُمْ إِصْرِى ۖ قَالُوٓا۟ أَقْرَرْنَا ۚ قَالَ فَٱشْهَدُوا۟ وَأَنَا۠ مَعَكُم مِّنَ ٱلشَّٰهِدِينَ ﴿٨١﴾

''അല്ലാഹു പ്രവാചകന്മാരോട് കരാർ വാങ്ങിയ സന്ദർഭം (ശ്രദ്ധിക്കുക): ഞാൻ നിങ്ങൾക്ക് വേദഗ്രന്ഥവും വിജ്ഞാനവും നൽകുകയും, അനന്തരം നിങ്ങളുടെ പക്കലുള്ളതിനെ ശരിവെച്ചുകൊണ്ട് ഒരു ദൂതൻ നിങ്ങളുടെ അടുത്ത് വരികയുമാണെങ്കിൽ തീർച്ചയായും നിങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും, അദ്ദേഹത്തെ സഹായിക്കുകയും ചെയ്യേണ്ടതാണ് എന്ന്. (തുടർന്ന്) അവൻ (അവരോട്) ചോദിച്ചു: നിങ്ങളത് സമ്മതിക്കുകയും അക്കാര്യത്തിൽ എന്നോടുള്ള ബാധ്യത ഏറ്റെടുക്കുകയും ചെയ്തുവോ? അവർ പറഞ്ഞു: അതെ, ഞങ്ങൾ സമ്മതിച്ചിരിക്കുന്നു. അവൻ പറഞ്ഞു: എങ്കിൽ നിങ്ങൾ അതിന് സാക്ഷികളായിരിക്കുക. ഞാനും നിങ്ങളോടൊപ്പം സാക്ഷിയായിരിക്കുന്നതാണ്.'' (3:81)

അല്ലാഹു പറയുന്നു:

وَمَا جَعَلْنَا لِبَشَرٍ مِّن قَبْلِكَ ٱلْخُلْدَ ۖ أَفَإِي۟ن مِّتَّ فَهُمُ ٱلْخَٰلِدُونَ ﴿٣٤﴾

''(നബിയേ,) നിനക്കു മുമ്പ് ഒരു മനുഷ്യന്നും നാം അനശ്വരത നൽകിയിട്ടില്ല. എന്നിരിക്കെ നീ മരിച്ചെങ്കിൽ അവർ നിത്യജീവികളായിരിക്കുമോ?'' (21:34)

നബി(ﷺ) ഒരു രാത്രി ഇപ്രകാരം പറയുണ്ടായി:

**ليلتكم هذه فإن رأس مائة سنة منها لا يبقى ممن هو على ظهر الأرض أحد**

''ഈ രാത്രിയിൽ ഭൂമുഖത്തുള്ള ഏതൊരാളും നൂറു വർഷം കഴിയുന്നതിനു മുമ്പായി മരണപ്പെടുന്നതാണ്.'' (ബുഖാരി, മുസ്‌ലിം)

മേൽ പറഞ്ഞ കാര്യങ്ങളിൽ നിന്നും മനസ്സിലാകുന്ന മറ്റൊരു സംഗതിയാണ് സൂഫിയ്യാക്കൾ ഔലിയാക്കൾക്ക് അമ്പിയാക്കന്മാരേക്കാൾ ഉന്നതസ്ഥാനം കൽപിക്കുന്നു എന്നത്. അവരത് അങ്ങനെ തന്നെ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നബി(ﷺ) പറയുന്നത് കാണുക.

**أنا سيد ولد آدم يوم القيامة ولا فخر**

''ഖിയാമത്തു നാളിൽ ആദം സന്തതികളുടെ നേതാവായിരിക്കും ഞാൻ. അഭിമാനം പറയുകയല്ല''. (തിർമിദി)

ഇത്തരം വാദഗതികളുമായി നടക്കുന്നവർ നബി(ﷺ)യുടെ സ്ഥാനം കുറച്ചു കാണിക്കുന്നവരായിപ്പോകുന്നതിനെ ഭയക്കേണ്ടതുണ്ട്. അങ്ങനെ അല്ലാഹു ആക്ഷേപിച്ചു പറഞ്ഞ ഇക്കൂട്ടരിൽ പെട്ടുപോകുന്നതും ഭയക്കണം.

إِنَّ شَانِئَكَ هُوَ ٱلۡأَبۡتَرُ ٣

‘‘തീർച്ചയായും നിന്നോട് വിദ്വേഷം വെച്ചു പുലർത്തുന്നവൻ തന്നെയാകുന്നു വാലറ്റവൻ (ഭാവിയില്ലാത്തവൻ).’’ (108:3)

ഔലിയാക്കൾക്ക് അല്ലാഹുവിങ്കൽ നിന്ന് വഹ്‌യ് ലഭിക്കുന്നുണ്ടെന്നും അവർ സ്വപ്നങ്ങളിലൂടെയും വെളിപാടുകളിലൂടെയും മതവിധികൾ സ്വീകരിക്കുന്നുവെന്നുമൊക്കെയുള്ള വിശ്വാസങ്ങൾ ചില സൂഫിയ്യാക്കളുടെ പിഴച്ച വിശ്വാസങ്ങളിൽപ്പെട്ടതാണ്. അവരിൽ ചിലർ ഇത്രവരെ പറയുകയുണ്ടായി. ‘‘നിങ്ങൾ നിങ്ങളുടെ വിജ്ഞാനങ്ങൾ മരണപ്പെട്ടവരിൽ നിന്നുമാണ് സ്വീകരിക്കുന്നത്. എന്നാൽ ഞങ്ങളാകട്ടെ എന്നെന്നും ജീവിച്ചിരിക്കുന്ന ഒരിക്കലും മരിക്കാത്ത അല്ലാഹുവിൽ നിന്ന് നേരിട്ടാണ് അറിവുകൾ സ്വീകരിക്കുന്നത്’’. അനവധി തെളിവുകളിലൂടെ അനിഷേധ്യമായി സ്ഥിരപ്പെട്ട സംഗതിയാണ് പ്രവാചക പരിസമാപ്തിയും മതത്തിന്റെ സമ്പൂർണ്ണതയും. അല്ലാഹു പറയുന്നു:

مَّا كَانَ مُحَمَّدٌ أَبَآ أَحَدٍ مِّن رِّجَالِكُمۡ وَلَٰكِن رَّسُولَ ٱللَّهِ وَخَاتَمَ ٱلنَّبِيِّـۧنَۗ وَكَانَ ٱللَّهُ بِكُلِّ شَيۡءٍ عَلِيمًا ٤٠

‘‘മുഹമ്മദ് നിങ്ങളുടെ പുരുഷന്മാരിൽ ഒരാളുടെയും പിതാവായിട്ടില്ല. പക്ഷേ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകന്മാരിൽ അവസാനത്തെ ആളുമാകുന്നു. അല്ലാഹു ഏതു കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു.’’ (33:40)

പരിശുദ്ധനായ അല്ലാഹു പറയുന്നു:

ٱلۡيَوۡمَ أَكۡمَلۡتُ لَكُمۡ دِينَكُمۡ وَأَتۡمَمۡتُ عَلَيۡكُمۡ نِعۡمَتِي وَرَضِيتُ لَكُمُ ٱلۡإِسۡلَٰمَ دِينٗاۚ .....

‘‘ഇന്നേ ദിവസം ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിത്തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടു തന്നിരിക്കുന്നു’’ (5:3)

അപ്പോൾ സമ്പൂർണമാണെന്നിരിക്കെ മതവിധികൾ സ്വീകരിക്കുന്നതിന് ഇത്തരം സ്വപ്നങ്ങളുടെയും വെളിപാടുകളുടെയും ആവശ്യമേയില്ല. അല്ലാഹുവിന്റെ ഗ്രന്ഥമായ വിശുദ്ധ ഖുർആൻ മൂലപ്രമാണമായി നമ്മുടെ മുമ്പിലുണ്ട്. അല്ലാഹു പറയുന്നു:

وَيَوۡمَ نَبۡعَثُ فِي كُلِّ أُمَّةٖ شَهِيدًا عَلَيۡهِم مِّنۡ أَنفُسِهِمۡۖ وَجِئۡنَا بِكَ شَهِيدًا عَلَىٰ هَٰٓؤُلَآءِۚ وَنَزَّلۡنَا عَلَيۡكَ ٱلۡكِتَٰبَ تِبۡيَٰنٗا لِّكُلِّ شَيۡءٖ وَهُدٗى وَرَحۡمَةٗ وَبُشۡرَىٰ لِلۡمُسۡلِمِينَ ٨٩

‘‘ഓരോ സമുദായത്തിലും അവരുടെ കാര്യത്തിന് സാക്ഷിയായിക്കൊണ്ട് അവരിൽ നിന്നു തന്നെയുള്ള ഒരാളെ നാം നിയോഗിക്കുകയും, ഇക്കൂട്ടരുടെ കാര്യത്തിന് സാക്ഷിയായിക്കൊണ്ട് നിന്നെ നാം കൊണ്ട് വരികയും ചെയ്യുന്ന ദിവസം (ശ്രദ്ധേയമത്രെ.) എല്ലാ കാര്യത്തിനും വിശദീകരണമായിക്കൊണ്ടും, മാർഗദർശനവും കാരുണ്യവും കീഴ്പെട്ടു ജീവിക്കുന്നവർക്ക് സന്തോഷവാർത്തയുമായിക്കൊണ്ടുമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത്.’’ (16:89)

അല്ലാഹുവിന്റെ ഗ്രന്ഥമാകട്ടെ പരിശുദ്ധവും അന്യൂനവുമാണ്. അല്ലാഹു പറയുന്നു:

إِنَّا نَحۡنُ نَزَّلۡنَا ٱلذِّكۡرَ وَإِنَّا لَهُۥ لَحَٰفِظُونَ ٩

‘‘തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തു സൂക്ഷിക്കുന്നതുമാണ്.’’ (15:9)

ഖുർആനിനെ കുറിച്ച് അല്ലാഹു പറയുന്നു:

لَّا يَأْتِيهِ ٱلْبَٰطِلُ مِنۢ بَيْنِ يَدَيْهِ وَلَا مِنْ خَلْفِهِۦ ۖ تَنزِيلٌ مِّنْ حَكِيمٍ حَمِيدٍ ﴿٤٢﴾

''അതിന്റെ മുമ്പിലൂടെയോ പിന്നിലൂടെയോ അതിൽ അസത്യം വന്നെത്തുകയില്ല. യുക്തിമാനും സ്തുത്യർഹനുമായിട്ടുള്ളവന്റെ പക്കൽ നിന്ന് അവതരിക്കപ്പെട്ടതത്രെ അത്.'' (41:42)

എന്നാൽ ഇത്തരം സ്വപ്നങ്ങളുടെയും വെളിപാടുകളുടെയും സ്ഥിതിയതല്ല. അവയെ സംബന്ധിച്ചിടത്തോളം പിശാചുക്കളുടെയും ജിന്നുകളുടെയും കളികളിൽ നിന്നും മനുഷ്യർ നിർഭയനല്ല. അല്ലാഹുതആലാ പറഞ്ഞതുപോലെ,

وَلَا تَأْكُلُوا۟ مِمَّا لَمْ يُذْكَرِ ٱسْمُ ٱللَّهِ عَلَيْهِ وَإِنَّهُۥ لَفِسْقٌ ۗ وَإِنَّ ٱلشَّيَٰطِينَ لَيُوحُونَ إِلَىٰٓ أَوْلِيَآئِهِمْ لِيُجَٰدِلُوكُمْ ۖ وَإِنْ أَطَعْتُمُوهُمْ إِنَّكُمْ لَمُشْرِكُونَ ﴿١٢١﴾

''അല്ലാഹുവിന്റെ നാമം ഉച്ചരിക്കപ്പെടാത്തതിൽ നിന്ന് നിങ്ങൾ തിന്നരുത്. തീർച്ചയായും അത് അധർമ്മമാണ്. നിങ്ങളോട് തർക്കിക്കുവാൻ വേണ്ടി പിശാചുക്കൾ അവരുടെ മിത്രങ്ങൾക്ക് തീർച്ചയായും ദുർബോധനം നൽകിക്കൊണ്ടിരിക്കും. നിങ്ങൾ അവരെ അനുസരിക്കുന്നപക്ഷം തീർച്ചയായും നിങ്ങൾ (അല്ലാഹുവോട്) പങ്കു ചേർക്കുന്നവരായിപ്പോകും.'' (6:121)

.... فَإِن تَنَٰزَعْتُمْ فِى شَىْءٍ فَرُدُّوهُ إِلَى ٱللَّهِ وَٱلرَّسُولِ إِن كُنتُمْ تُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ...

''വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാവുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക''.(4:59)

അല്ലാഹുവിന്റെ ഗ്രന്ഥമായ ഖുർആനും നബി(ﷺ)യുടെ ചര്യയായ സുന്നത്തുമാണ് ഇതിന്റെ വിവക്ഷയെന്നതിൽ പണ്ഡിതന്മാർ ഏകാഭിപ്രായക്കാരാണ്.

നബി(ﷺ)യുടെ മാർഗദർശനങ്ങൾക്ക് എതിരായ പല ആരാധനാകർമങ്ങളിലൂടെയും അല്ലാഹുവിലേക്ക് അടുക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്നതും സൂഫിയ്യാക്കളുടെ വ്യതിയാനങ്ങളിലൊന്നാണ്. ആരാധനയുടെയും അല്ലാഹുവിലേക്കുള്ള സാമീപ്യത്തിന്റെയും പേരു പറഞ്ഞ് സമ്പാദനമാർഗങ്ങൾ ഒഴിവാക്കുന്നത് അതിനാലാണ്. എന്നാൽ ഇസ്‌ലാമിക ശരീഅത്താകട്ടെ അദ്ധ്വാനത്തെയും സമ്പാദനത്തെയും പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നത്. അല്ലാഹു പറയുന്നു:

فَإِذَا قُضِيَتِ ٱلصَّلَوٰةُ فَٱنتَشِرُوا۟ فِى ٱلْأَرْضِ وَٱبْتَغُوا۟ مِن فَضْلِ ٱللَّهِ وَٱذْكُرُوا۟ ٱللَّهَ كَثِيرًا لَّعَلَّكُمْ تُفْلِحُونَ ﴿١٠﴾

''അങ്ങനെ നമസ്കാരം നിർവഹിക്കപ്പെട്ടുകഴിഞ്ഞാൽ നിങ്ങൾ ഭൂമിയിൽ വ്യാപിച്ചു കൊള്ളുകയും, അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്ന് തേടിക്കൊള്ളുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ ധാരാളമായി ഓർക്കുകയും ചെയ്യുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം.'' (62:10)

നബി(ﷺ) പറഞ്ഞതായി സ്വഹീഹായ ഹദീഥിൽ ഇപ്രകാരം വന്നിരിക്കുന്നു:

**ما أكلَ أحد طعاما قط خيرا من أنْ يأكُلَ من عمل يده**

''ഒരാളും തന്റെ സ്വന്തം കൈകൾ കൊണ്ട് അദ്ധ്വാനിച്ചുണ്ടാക്കിയതിൽ നിന്ന് ഭക്ഷിക്കുന്നതിനേക്കാൾ ഉത്തമമായ ഭക്ഷണം കഴിക്കുന്നില്ല''. (ബുഖാരി)[3]

---

[3] ''അല്ലാഹുവിന്റെ പ്രവാചകൻ ദാവൂദ്(عليه السلام) സ്വന്തം കൈകൾ കൊണ്ട് അദ്ധ്വാനിച്ചുണ്ടാക്കിയതിൽ നിന്നാണ് ഭക്ഷിച്ചിരുന്നത്'' എന്നുകൂടി ബുഖാരിയുടെ പ്രസ്തുത റിപ്പോർട്ടിൽ കാണാം. (വിവർത്തകൻ)

ഇതുപോലുള്ള വേറെയും വചനങ്ങൾ കാണാവുന്നതാണ്. അപ്രകാരം തന്നെ വേറെ ചിലർ വിവാഹം ഉപേക്ഷിച്ചുകൊണ്ടാണ് (ബ്രഹ്മചര്യം സ്വീകരിച്ചുകൊണ്ടാണ്) അല്ലാഹുവിലേക്ക് അടുക്കാൻ ശ്രമിക്കുന്നത്. എന്നാൽ ബ്രഹ്മചര്യത്തെ എതിർത്തുകൊണ്ട് നബി(ﷺ) പറഞ്ഞത് ഇപ്രകാരമാണ:

**إني أتزوج النساء فمن رغب عن سنتي فليس مني**

''തീർച്ചയായും ഞാൻ സ്ത്രീകളെ വിവാഹം കഴിക്കുന്നു. എന്നാൽ ആരെങ്കിലും എന്റെ ചര്യയെ വെറുക്കുന്നുവെങ്കിൽ അയാൾ എന്നിൽപ്പെട്ടവനല്ല''. (ബുഖാരി, മുസ്‌ലിം)

മാത്രമല്ല, ഇത് പ്രവാചകന്മാരുടെ സന്മാർഗ സമ്പ്രദായമായിരുന്നു. അല്ലാഹു പറയുന്നു:

وَلَقَدْ أَرْسَلْنَا رُسُلًا مِّن قَبْلِكَ وَجَعَلْنَا لَهُمْ أَزْوَاجًا وَذُرِّيَّةً ۚ وَمَا كَانَ لِرَسُولٍ أَن يَأْتِيَ بِآيَةٍ إِلَّا بِإِذْنِ اللَّهِ ۗ لِكُلِّ أَجَلٍ كِتَابٌ ﴿٣٨﴾

''നിനക്ക് മുമ്പും നാം ദൂതന്മാരെ നിയോഗിച്ചിട്ടുണ്ട്. അവർക്ക് നാം ഭാര്യമാരെയും സന്താനങ്ങളെയും നൽകിയിട്ടുമുണ്ട്. ഒരു ദൂതന്നും അല്ലാഹുവിന്റെ അനുമതിയോടു കൂടിയല്ലാതെ യാതൊരു ദൃഷ്ടാന്തവും കൊണ്ടുവരാനാവില്ല. ഓരോ കാലാവധിക്കും ഓരോ (പ്രമാണ) ഗ്രന്ഥമുണ്ട്.'' (13:38)

വേറെ ചിലർ മതപരമായ അറിവു തേടൽ ഉപേക്ഷിച്ചുകൊണ്ടാണ് അല്ലാഹുവിലേക്ക് അടുക്കാൻ നോക്കുന്നത്. സൂഫിജ്ഞാനം തേടലാണ് മതപരമായ അറിവു നേടുന്നതിനേക്കാൾ ഏറ്റവും അർഹവും ഉൽകൃഷ്ടവും എന്നാണ് അവരുടെ വിശ്വാസം. എന്നാൽ അറിവിന്റെയും മതവിജ്ഞാനങ്ങൾ പഠിപ്പിക്കുന്നതിന്റെയും ശ്രേഷ്ഠതകൾ വ്യക്തമാക്കുന്ന എത്രയോ വചനങ്ങളാണുള്ളത്. അല്ലാഹു പറയുന്നു:

وَمِنَ النَّاسِ وَالدَّوَابِّ وَالْأَنْعَامِ مُخْتَلِفٌ أَلْوَانُهُ كَذَٰلِكَ ۗ إِنَّمَا يَخْشَى اللَّهَ مِنْ عِبَادِهِ الْعُلَمَاءُ ۗ إِنَّ اللَّهَ عَزِيزٌ غَفُورٌ ﴿٢٨﴾

''മനുഷ്യരിലും മൃഗങ്ങളിലും കന്നുകാലികളിലും അതുപോലെ വിഭിന്ന വർണങ്ങളുള്ളവയുണ്ട്. അല്ലാഹുവെ ഭയപ്പെടുന്നത് അവന്റെ ദാസന്മാരിൽ നിന്ന് അറിവുള്ളവർ മാത്രമാകുന്നു. തീർച്ചയായും അല്ലാഹു പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു.'' (35:28)

أَمَّنْ هُوَ قَانِتٌ آنَاءَ اللَّيْلِ سَاجِدًا وَقَائِمًا يَحْذَرُ الْآخِرَةَ وَيَرْجُو رَحْمَةَ رَبِّهِ ۗ قُلْ هَلْ يَسْتَوِي الَّذِينَ يَعْلَمُونَ وَالَّذِينَ لَا يَعْلَمُونَ ۗ إِنَّمَا يَتَذَكَّرُ أُولُو الْأَلْبَابِ ﴿٩﴾

''അതല്ല, പരലോകത്തെപ്പറ്റി ജാഗ്രത പുലർത്തുകയും, തന്റെ രക്ഷിതാവിന്റെ കാരുണ്യം ആശിക്കുകയും ചെയ്തുകൊണ്ട് സാഷ്ടാംഗം ചെയ്തും, നിന്നു പ്രാർഥിച്ചും രാത്രിസമയ ങ്ങളിൽ കീഴ്‌വണക്കം ചെയ്യുന്നവനോ (അതല്ല സത്യനിഷേധിയോ ഉത്തമൻ?) പറയുക: അറിവുള്ളവരും അറിവില്ലാത്തവരും സമമാകുമോ? ബുദ്ധിമാന്മാർ മാത്രമേ ആലോചിച്ചു മനസ്സിലാക്കുകയുള്ളൂ.'' (39:9)

നബി(ﷺ) പറഞ്ഞു:

**خيركم من تعلم القُرآنَ وعلمه**

''നിങ്ങളിൽ ഏറ്റവും ഉത്തമർ ഖുർആൻ പഠിക്കുകയും അത് മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്യുന്നവരാണ്.'' (ബുഖാരി)

അവിടുന്ന് മറ്റൊരിക്കൽ പറഞ്ഞു:

**من يرد الله به خيرا يفقهه في الدين**

''അല്ലാഹു ആർക്കെങ്കിലും നന്മ ഉദ്ദേശിച്ചാൽ അയാളെ മതത്തിൽ ജ്ഞാനമുള്ളവനാക്കും.'' (ബുഖാരി)

**من سلك طريقًا يلتمس فيه علما سهلَ الله له به طريقًا إلى الجنة**

''ആരെങ്കിലും അറിവന്വേഷിച്ച് വല്ല വഴിയിലും പ്രവേശിച്ചാൽ അതുവഴി അല്ലാഹു അയാൾക്ക് സ്വർഗത്തിലേക്കുള്ള പാത സുഗമമാക്കി കൊടുക്കും.'' (മുസ്‌ലിം)

നബി(ﷺ) പറഞ്ഞു:

**وإن الملائكةَ لتضع أجنحتها رضا لطالبِ العلمِ وإن العالم ليستغفر له من في السموات ومن في الأرض والحيتانُ في جوف الماءِ وإن فضلَ العالمِ على العابدِ كفضلِ القمر ليلةَ البدر على سائر الكواكبِ وإن العلماءَ ورثةُ الأنبياءِ وإن الأنبياءَ لم يورثُوا دينارا ولا درهما ورثُوا العلم فمن أخذَه أخذَ بحظ وافر**

''നിശ്ചയം! മലക്കുകൾ തങ്ങളുടെ ചിറകുകൾ വിജ്ഞാനാന്വേഷികൾക്കായി താഴ്ത്തിക്കൊടുക്കും. അവരുടെ പ്രവർത്തനത്തിലുള്ള സംതൃപ്തിയാലാണത്. തീർച്ചയായും അറിവുള്ളവർക്കു വേണ്ടി ആകാശങ്ങളിലും ഭൂമിയിലുള്ളവരൊക്കെയും പാപമോചനത്തിനായി പ്രാർഥിക്കുന്നതാണ്. വെള്ളത്തിലെ മത്സ്യങ്ങൾ പോലും. ഭക്തനേക്കാൾ പണ്ഡിതനുള്ള ശ്രേഷ്ഠത മറ്റു നക്ഷത്രങ്ങളേക്കാൾ പതിനാലാം രാവിലെ ചന്ദ്രനുള്ള ശ്രേഷ്ഠത പോലെയാണ്. നിശ്ചയം! പണ്ഡിതന്മാർ പ്രവാചകന്മാരുടെ അനന്തരാവകാശികളാണ്. പ്രവാചകന്മാർ ദീനാറോ, ദിർഹമോ അല്ല അനന്തരമായി നൽകിയിട്ടുള്ളത്. പ്രത്യുത വിജ്ഞാനമത്രെ അവരുടെ അനന്തര സ്വത്ത്. ആർക്ക് അത് കിട്ടിയോ മഹത്തായ ഓഹരിയാണ് അയാൾക്ക് കിട്ടിയത്.'' (അബൂദാവൂദ്)

സൂഫിയ്യാക്കൾ പണ്ഡിതന്മാരുടെ സ്ഥാനം കുറച്ചു കാണുന്നവരാണെന്നും അവരുടെ ശ്രേഷ്ഠത മനസ്സിലാക്കാത്തവരാണെന്നും മുമ്പ് പറഞ്ഞതിൽ നിന്നും ഗ്രഹിക്കാം. എന്നാൽ അനവധി സൂക്തങ്ങളിലൂടെ പണ്ഡിതരുടെ ഉന്നതമായ സ്ഥാനവും പദവിയും ഇസ്‌ലാം വ്യക്തമാക്കിയിട്ടുണ്ട്.

فَسْـَٔلُوٓا۟ أَهْلَ ٱلذِّكْرِ إِن كُنتُمْ لَا تَعْلَمُونَ

''നിനക്കു മുമ്പ് മനുഷ്യന്മാരെയല്ലാതെ നാം ദൂതന്മാരായി നിയോഗിച്ചിട്ടില്ല. അവർക്ക് നാം സന്ദേശം നൽകുന്നു. നിങ്ങൾക്ക് അറിഞ്ഞുകൂടെങ്കിൽ (വേദം മുഖേന) ഉൽബോധനം ലഭിച്ചവരോട് നിങ്ങൾ ചോദിച്ചുനോക്കുക.'' (16:43)

وَإِذَا جَآءَهُمْ أَمْرٌ مِّنَ ٱلْأَمْنِ أَوِ ٱلْخَوْفِ أَذَاعُوا۟ بِهِۦ ۖ وَلَوْ رَدُّوهُ إِلَى ٱلرَّسُولِ وَإِلَىٰٓ أُو۟لِى ٱلْأَمْرِ مِنْهُمْ لَعَلِمَهُ ٱلَّذِينَ يَسْتَنۢبِطُونَهُۥ مِنْهُمْ ۗ وَلَوْلَا فَضْلُ ٱللَّهِ عَلَيْكُمْ وَرَحْمَتُهُۥ لَٱتَّبَعْتُمُ ٱلشَّيْطَٰنَ إِلَّا قَلِيلًا ﴿٨٣﴾

''സമാധാനവുമായോ (യുദ്ധ) ഭീതിയുമായോ ബന്ധപ്പെട്ട വല്ല വാർത്തയും അവർക്കു വന്നു കിട്ടിയാൽ അവരത് പ്രചരിപ്പിക്കുകയായി. അവരത് റസൂലിന്റെയും അവരിലെ കാര്യവിവരമുള്ളവരുടെയും തീരുമാനത്തിന് വിട്ടിരുന്നുവെങ്കിൽ അവരുടെ കൂട്ടത്തിൽ അത് നിരീക്ഷിച്ച് മനസ്സിലാക്കാൻ കഴിവുള്ളവർ അതിന്റെ യഥാർഥ്യം മനസ്സിലാക്കിക്കൊള്ളുമായിരുന്നു. നിങ്ങളുടെ മേൽ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും

ഇല്ലായിരുന്നുവെങ്കിൽ നിങ്ങളിൽ അൽപം ചിലരൊഴികെ പിശാചിനെ പിൻപറ്റുമായിരുന്നു.'' (4:83)

ഔലിയാക്കന്മാരുടെ ഖബ്റുകൾക്കു മീതെ ശവകുടീരങ്ങൾ പടുത്തുയർത്തലും സൂഫിയാക്കളുടെ ഒരു ആചാരമാണ്. എന്നാൽ നബി(ﷺ)യാകട്ടെ ഖബ്റുകൾക്കു മീതെ കെട്ടിടം നിർമിക്കുന്നതിനെ വിരോധിക്കുകയാണ് ചെയ്തിട്ടുള്ളത്. സ്വഹീഹു മുസ്‌ലിമിൽ വന്ന ജാബിർ(ﷺ)ന്റെ ഹദീഥിൽ നിന്നും ഇക്കാര്യം വ്യക്തമാണ്.[4]

അമീറുൽ മുഅ്മിനീൻ അലിയ്യുബ്നു അബീത്വാലിബ്(ﷺ)അബുൽ ഹയ്യാജ് അൽ അസദിയോട് പറഞ്ഞു:

**أَلَا أَبعَثُكَ عَلَى مَا بَعَثَنِي عَلَيهِ رَسولُ اللهِ صلى الله عليه وسلم لَا تَدَعَن قَبرا مُشرِفًا إِلَّا سَوَّيتَه**

''അല്ലാഹുവിന്റെ റസൂൽ(ﷺ) എന്നെ നിയോഗിച്ചയച്ച ഒരു കാര്യത്തിന് ഞാൻ നിന്നെ നിയോഗിക്കട്ടെയോ? അതായത്, ഉയർന്നു നിൽക്കുന്ന ഒരു ഖബ്റും നിരപ്പാക്കാതെ നീ വട്ടുകളയരുത്.'' (മുസ്‌ലിം, അബൂദാവൂദ്, തിർമിദി, നസാഈ)

ജിഹാദ് (ധർമ സമരം), നന്മ കൽപിക്കലും തിന്മ വിരോധിക്കലും, മതവിധികൾ ജനങ്ങളെ പഠിപ്പിക്കൽ തുടങ്ങി നിരവധി വചനങ്ങളിലൂടെ ഇസ്‌ലാം നിർദേശിച്ചതും മഹത്വം വിവരിച്ചതുമായ ഉൽകൃഷ്ട കർമങ്ങൾ ഉപേക്ഷിക്കലും സൂഫിയാക്കളുടെ മറ്റൊരു രീതിയാണ്.

നബി(ﷺ) പറയുന്നു:

**لَغدوةٌ في سبيلِ الله أو روحةٌ خير من الدنيا وما فيها**

''അല്ലാഹുവിന്റെ മാർഗത്തിൽ രാവിലെയോ വൈകുന്നേരമോ സഞ്ചരിക്കൽ ഈലോകവും അതിലുള്ളതിനേക്കാളുമൊക്കെ ഉത്തമമാണ്.'' (ബുഖാരി,മുസ്‌ലിം)

അവിടുന്ന് പറഞ്ഞു:

**واعلَموا أن الجنةَ تحت ظلال السيوف**

''നിങ്ങൾ അറിയുക! നിശ്ചയം സ്വർഗം വാളുകളുടെ തണലിന് ചുവട്ടിലാണ്.'' (ബുഖാരി, മുസ്‌ലിം)

നബി(ﷺ) പറയുന്നു:

**ما اغْبرت قَدما عبد في سبيل الله فَتمسه النار**

''അല്ലാഹുവിന്റെ മാർഗത്തിൽ ഏതൊരു ദാസന്റെ കാൽപാദങ്ങളിൽ മണ്ണു പുരളുന്നുവോ അയാളെ നരഗാഗ്നി സ്പർശിക്കുകയില്ല.'' (ബുഖരി)

ഈ ഹദീഥുകളൊക്കെ ഇമാം ബുഖാരി ഉദ്ധരിച്ച പ്രബലമായ റിപ്പോർട്ടുകളാണ്. എന്നാൽ നന്മ കൽപികുന്നതിനെ കുറിച്ച് അല്ലാഹു പറയുന്നത് കാണുക:

---

[4] സ്വഹീഹു മുസ്‌ലിമിൽ ഖബ്ർ കുമ്മായമിടുന്നതും അതിന്മേൽ കെട്ടിടം നിർമിക്കുന്നതും വിരോധിക്കൽ എന്ന ശീർഷകത്തിലാണ് ഈ ഹദീഥുള്ളത്. പ്രസ്തുത ഹദീഥ് ഇപ്രകാരമാണ്. ജാബിർ(റ) പറയുന്നു:

**نهى رسولُ الله صلى الله عليه وسلم أنْ يجصص القَبر وأنْ يقْعد عليه وأنْ يبنى عليه**

ഖബ്ർ കുമ്മായമിടുന്നതും അതിന്മേൽ ഇരിക്കുന്നതും ഖബ്റിന്മേൽ കെട്ടിടമുണ്ടാക്കുന്നതും നബി(ﷺ) വിരോധിച്ചിരിക്കുന്നു. (വിവർത്തകൻ)

كُنتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ تَأْمُرُونَ بِٱلْمَعْرُوفِ وَتَنْهَوْنَ عَنِ ٱلْمُنكَرِ وَتُؤْمِنُونَ بِٱللَّهِ ۗ وَلَوْ ءَامَنَ أَهْلُ ٱلْكِتَٰبِ لَكَانَ خَيْرًا لَّهُم ۚ مِّنْهُمُ ٱلْمُؤْمِنُونَ وَأَكْثَرُهُمُ ٱلْفَٰسِقُونَ ﴿١١٠﴾

''മനുഷ്യവംശത്തിനു വേണ്ടി രംഗത്തുകൊണ്ടുവരപ്പെട്ട ഉത്തമ സമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും, അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. വേദക്കാർ വിശ്വസിച്ചിരുന്നുവെങ്കിൽ അതവർക്ക് ഉത്തമമായിരുന്നു. അവരുടെ കൂട്ടത്തിൽ വിശ്വാസമുള്ളവരുണ്ട്. എന്നാൽ അവരിൽ അധികപേരും ധിക്കാരികളാകുന്നു.'' (3:110)

وَٱلْمُؤْمِنُونَ وَٱلْمُؤْمِنَٰتُ بَعْضُهُمْ أَوْلِيَآءُ بَعْضٍ ۚ يَأْمُرُونَ بِٱلْمَعْرُوفِ وَيَنْهَوْنَ عَنِ ٱلْمُنكَرِ وَيُقِيمُونَ ٱلصَّلَوٰةَ وَيُؤْتُونَ ٱلزَّكَوٰةَ وَيُطِيعُونَ ٱللَّهَ وَرَسُولَهُۥٓ ۚ أُو۟لَٰٓئِكَ سَيَرْحَمُهُمُ ٱللَّهُ ۗ إِنَّ ٱللَّهَ عَزِيزٌ حَكِيمٌ ﴿٧١﴾

''സത്യവിശ്വാസികളും സത്യവിശ്വാസിനികളും അന്യോന്യം മിത്രങ്ങളാകുന്നു. അവർ സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും, നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത്ത് നൽകുകയും, അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യുന്നു. അത്തരക്കാരോട് അല്ലാഹു കരുണ കാണിക്കുന്നതാണ്. തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാണ്.'' (9:71)

സ്വഹീഹു മുസ്‌ലിമിൽ അബൂസഈദ്(ﷺ)ന്റെ ഹദീഥിൽ ഇപ്രകാരം കാണാം. നബി(ﷺ) പറഞ്ഞു:

**من رأى منكم منكرا فليغيره بيده فإنْ لم يستطع فبلسانه فإنْ لم يستطع فبقلبه وذلك أضعف الإيمان**

''നിങ്ങളിലാരെങ്കിലും വല്ല തിന്മയും കാണുന്നുവെങ്കിൽ തന്റെ കൈ കൊണ്ട് അതിനെ തടുക്കട്ടെ, അതിന് കഴിയുന്നില്ലെങ്കിൽ തന്റെ നാവു കൊണ്ടും, അതിനും സാധിക്കുന്നില്ലെങ്കിൽ തന്റെ ഹൃദയം കൊണ്ടും. അത് ഈമാനിന്റെ ഏറ്റവും ദുർബലാവസ്ഥയാണ്.''

നല്ല പരമ്പരയോടെ സുനനുകളിൽ ഇപ്രകാരം വന്നിരിക്കുന്നു. നബി(ﷺ) പറയുന്നു:

**إن الناس إذا رأوا ظالما فلم يأخذوا على يديه أوشك أنْ يعمهم الله بعقابٍ منه**

''ജനങ്ങൾ അക്രമിയെ കണ്ടിട്ടും അയാളുടെ കൈകൾക്ക് പിടിക്കുന്നില്ലെങ്കിൽ അല്ലാഹു അവർക്ക് മൊത്തത്തിൽ ശിക്ഷയിറക്കുന്നതാണ്.'' (അബൂദാവൂദ്, തിർമിദി, ഇബ്നുമാജ)

എന്നാൽ ജനങ്ങളെ പഠിപ്പിക്കുന്നതിന്റെയും ഇസ്‌ലാമിക പ്രബോധനത്തിന്റെയും പ്രാധാന്യവും മഹത്വവും സംബന്ധിച്ചാണെങ്കിൽ നബി(ﷺ)യുടെ ഈ വാക്കുകൾ കേൾക്കുക.

**لأنْ يهدي الله بك رجلًا خير لك من أنْ يكونَ لك حمر النعم**

''നീ മുഖേന ഒരാളെ അല്ലാഹു സന്മാർഗത്തിലാക്കുന്നത് മുന്തിയ തരം ചുവന്ന ഒട്ടകങ്ങൾ നിനക്കുണ്ടാവുന്നതിനേക്കാൾ ഉത്തമമാണ്.'' (ബുഖാരി, മുസ്‌ലിം)

അവിടുന്ന് പറഞ്ഞു:

**من دعا إلى هدى كانَ له من الأجر مثْلُ أجور من تبعه لا ينقُص ذَلك من أجورهم شيئًا**

''ആരെങ്കിലും ഒരാളെ ഒരു സന്മാർഗത്തിലേക്ക് ക്ഷണിച്ചാൽ അത് പിൻപറ്റുന്നവരുടേതിനൊക്കെയും സമാനമായ പ്രതിഫലം അയാൾക്കുണ്ടായിരിക്കും. അത് അവരുടെ പ്രതിഫലത്തിൽ നിന്നും യാതൊരു കുറവും വരുത്തുകയുമില്ല.'' (മുസ്‌ലിം)

പ്രബലമായ പരമ്പരയോടുകൂടി തിർമിദി ഉദ്ധരിക്കുന്ന അബൂഉമാമ(ﷺ)വിന്റെ ഹദീഥിൽ നബി(ﷺ) പറയുന്നു:

**فَضلُ العالم على العابِد كفَضلي على أدناكُم ، إن الله وملائكته وأهلَ السموات والأرضين حتى النملةَ في جحرها وحتى الحوت ليصلونَ على معلم الناس الخير**

''ഭക്തനെ അപേക്ഷിച്ച് ഒരു പണ്ഡിതന്റെ ശ്രേഷ്ഠത, നിങ്ങളിൽ ഏറ്റവും താഴെയുള്ള ഒരാളെയപേക്ഷിച്ച് എന്റെ ശ്രേഷ്ഠത പോലെയാണ്. തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും ആകാശങ്ങളിലും ഭൂമിയിലുമുള്ളവരും മാളത്തിലുള്ള ഉറുമ്പും മത്സ്യം വരെയും ജനങ്ങൾക്ക് നന്മ പഠിപ്പിക്കുന്നവർക്കായി അനുഗ്രഹത്തിന് വേണ്ടി പ്രാർഥിക്കുന്നതാണ്.''[5]

ഇബ്നു മസ്ഊദ്(ﷺ)ന്റെ ഹദീഥിൽ നബി(ﷺ) പറയുന്നു:

**نضر الله امرأ سمع منا شيئًا فبلغه كما سمع فرب مبلغ أوعى من سامع**

''നമ്മിൽ നിന്നും വല്ലതും കേൾക്കുകയും എന്നിട്ട് അതുകേട്ടപ്രകാരം തന്നെ മറ്റുള്ളവർക്ക് എത്തിച്ചു കൊടുക്കുകയും ചെയ്തയാളെ അല്ലാഹു പ്രശോഭിപ്പിക്കട്ടെ! നേരിട്ട് കേൾക്കുന്നവരേക്കാൾ വാർത്തയെത്തുന്ന എത്രയോ ആളുകൾ കൂടുതലായി അത് ഉൾക്കൊള്ളുന്നുണ്ടാവും.'' (തിർമിദി)

എന്നാൽ സൂഫിയ്യാക്കളെ കുറിച്ച് നിങ്ങളന്വേഷിച്ചുനോക്കിയാൽ നബി(ﷺ)യുടെ ഹദീഥുകൾ പഠിക്കുന്ന രീതി അവർക്കിടയിൽ നിങ്ങൾക്ക് കാണാൻ കഴിയില്ല.

അന്യ സ്ത്രീ–പുരുഷന്മാർ തമ്മിലുള്ള പരസ്പര സമ്പർക്കവും അവരിൽ കാണുന്ന മറ്റൊരു ദുഷ്പ്രവണതയാണ്.[6] എന്നാൽ നബി(ﷺ) പറയുന്നത് കാണുക:

**لا يخلُون رجلٌ بامرأة**

''ഒരു പുരുഷനും അന്യ സ്ത്രീയുമായി തനിച്ചാകരുത്.'' (ബുഖാരി, മുസ്ലിം)

അവിടുന്ന് പറഞ്ഞു:

**إياكُم والدخولَ على النساءِ**

''നിങ്ങൾ അന്യ സ്ത്രീകളുടെയടുക്കൽ പ്രവേശിക്കുന്നത് സൂക്ഷിക്കുക.'' (ബുഖാരി, മുസ്ലിം)

നബി(ﷺ) കൊണ്ടുവന്ന മാതൃകയനുസരിച്ചല്ലാതെ ഒരു ആരാധനാ കർമവും നാം ചെയ്തുകൂടാ എന്നാണ് പ്രമാണങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നത്. അതായത്, നബി(ﷺ)യുടെ മാതൃകയില്ലാത്ത ഏതൊരു ആരാധനാ കർമവും നൂതനാചാരവും (ബിദ്അത്ത്) വഴികേടുമായിരിക്കും. അല്ലാഹു പറയുന്നു:

لَّقَدۡ كَانَ لَكُمۡ فِي رَسُولِ ٱللَّهِ أُسۡوَةٌ حَسَنَةٞ لِّمَن كَانَ يَرۡجُواْ ٱللَّهَ وَٱلۡيَوۡمَ ٱلۡأٓخِرَ وَذَكَرَ ٱللَّهَ كَثِيرٗا ﴿٢١﴾

''തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും, അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തുവരുന്നവർക്ക്.'' (33:21)

---

[5] അല്ലാഹു അനുഗ്രഹം ചെയ്യുമെന്നും മറ്റുള്ളവർ അനുഗ്രഹത്തിനായി അല്ലാഹുവോട് പ്രാർഥിക്കും എന്നും വിവക്ഷ. (വിവർത്തകൻ)

[6] അന്യ സ്ത്രീ–പുരുഷന്മാർ തമ്മിൽ പാലിക്കേണ്ട ഇസ്ലാം പഠിപ്പിച്ച വിധത്തിലുള്ള മറയും അകൽച്ചയുമൊന്നും അവർ ശ്രദ്ധിക്കുകയോ പാലിക്കുകയോ ചെയ്യാറില്ല എന്നർഥം.(വിവർത്തകൻ)

أَمْ لَهُمْ شُرَكَـٰٓؤُا۟ شَرَعُوا۟ لَهُم مِّنَ ٱلدِّينِ مَا لَمْ يَأْذَنۢ بِهِ ٱللَّهُ

''അതല്ല, അല്ലാഹു അനുവദിച്ചിട്ടില്ലാത്ത കാര്യം മതമായി അവർക്ക് നിശ്ചയിച്ചു കൊടുത്ത വല്ല പങ്കാളിയും അവർക്കുണ്ടോ?'' (42:21)

നബി(ﷺ) പറയുന്നു:

**من أحدثَ في أمرنا هذًا ما ليس فيه فهو رد**

''നമ്മുടെ ഈ കാര്യത്തിൽ (ദീനിൽ) ആരെങ്കിലും അതിലില്ലാത്ത വല്ലതും പുതുതായി ഉണ്ടാക്കിയാൽ അത് തിരസ്കരിക്കപ്പെടുന്നതാണ്.'' (ബുഖാരി, മുസ്ലിം)

**إن خير الحديث كتاب الله وخير الهدى هدى محمد وشر الأمور محدثَاتها وكُل بِدعة ضلالةٌ**

''വചനങ്ങളിൽ ഉത്തമം അല്ലാഹുവിന്റെ ഗ്രന്ഥമായ ഖുർആനാണ്. മാതൃകകളിൽ ഉത്തമം മുഹമ്മദ് നബി(ﷺ)യുടെ മാതൃകയാണ്. കാര്യങ്ങളിൽ ഏറ്റവും ചീത്തയായത് നൂതന നിർമിതികളാണ്. എല്ലാ നൂതന ആചാരങ്ങളും വഴികേടാണ്.'' (മുസ്ലിം)

**فعليكم بسنتي وسنة الخلفاء الراشدين المهديين بعدي عضوا عليها بالنواجذ وإياكم ومحدثات الأمور فإن كل محدثة بدعة وكل بدعة ضلالة**

''നിങ്ങൾ എന്റെ സുന്നത്തും എനിക്കു ശേഷം സച്ചരിതരായ ഖലീഫമാരുടെ ചര്യയും പിൻപറ്റുക. അവ നിങ്ങൾ മുറുകെ പിടിക്കുക. അണപ്പല്ലുകൾ കൊണ്ടവയെ നിങ്ങൾ കടിച്ചു പിടിക്കുക. പുതു നിർമിതങ്ങളായ കാര്യങ്ങളെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും പുത്തനാചാരങ്ങളൊക്കെയും വഴികേടാണ്.''(സിലസിലത്തു സ്സ്വഹീഹ : 2735)

നസാഈ (റ)യുടെ റിപ്പോർട്ടിൽ ഇത്ര കൂടിയുണ്ട്:

**وكُل ضلالة في النار**

''എല്ലാ വഴികേടും നരകത്തിലുമാണ്.''

ഇത്രയൊക്കെ വചനങ്ങൾ ഉണ്ടായിട്ടും സൂഫിയ്യാക്കൾ ദീനിൽ സ്ഥിരപ്പെട്ടിട്ടില്ലാത്തതും നബി(ﷺ)യുടെ സ്വഹാബികൾ ചെയ്തിട്ടില്ലാത്തതുമായ എത്രയോ ആചാരങ്ങൾ പടച്ചുണ്ടാക്കിയിരിക്കുന്നു! പള്ളികൾക്കു പുറമെ ആരാധനകൾക്കായി പ്രത്യേക കേന്ദ്രങ്ങളുണ്ടാക്കുന്നതും പാട്ടും കൂത്തും നൃത്ത മേളങ്ങളും ഒക്കെ സംഘടിപ്പിക്കലും ഇത്തരം പുത്തനാചാരങ്ങളാണ്. ദിക്റുകൾ കേട്ടുകൊണ്ട് മസ്തും ബുദ്ധിഭ്രംശവും പ്രകടിപ്പിക്കലും അല്ലാഹുവിനോടുള്ള അനുരാഗ ജൽപനവും പ്രവാചകന്മാരുടെയും ഔലിയാക്കന്മാരുടെയും ജന്മദിനങ്ങൾ ആഘോഷിക്കലും സൂഫീ ശൈഖുമാർക്കുള്ള ബൈഅത്തും അല്ലാഹുവിന്റെ വെറും പേരു മാത്രം കൊണ്ട് 'അല്ലാഹ്, അല്ലാഹ്...' അല്ലെങ്കിൽ 'ഹു,ഹു' എന്നിങ്ങനെ ദിക്ർ ചൊല്ലലും ശവകുടീരങ്ങളിലേക്കുള്ള തീർഥ യാത്രകളും ഒക്കെ വഴിപിഴച്ച നൂതനാചാരങ്ങളാണ്. മാത്രമല്ല, ഹജ്ജു പോലെ വർഷത്തിൽ ഇത്തരം സിയാറത്തിനായി പ്രത്യേക ദിവസങ്ങൾ നിശ്ചയിക്കുകകയും ലക്ഷങ്ങൾ ചെലവഴിച്ചുകൊണ്ട് അതിനായി ഒരുമിച്ചുകൂടുന്നതും നിങ്ങൾക്ക് കാണാം. നബി(ﷺ)യാകട്ടെ ഹജ്ജിലല്ലാതെ ഇത്തരമൊരു വാർഷിക സംഗമം സമുദായത്തിന് മതപരമാക്കി മാതൃക കാണിച്ചിട്ടില്ല.

അമ്പിയാക്കന്മാരുടേതുപോലെ ഔലിയാക്കന്മാരുടെ 'ആഥാറുകൾ'കൊണ്ടും ബർക്കത്തെടുക്കുന്ന രീതി സൂഫിയ്യാക്കളിലുണ്ട്.[7] പ്രമാണങ്ങളിലൂടെ സ്ഥിരപ്പെട്ടു വന്ന വസ്തുക്കൾ കൊണ്ട് മാത്രമേ ബർക്കത്തെടുക്കാൻ പാടുള്ളൂ. അതുകൊണ്ടാണ് അബൂബക്കർ(ﷺ)ന്റെയും ഉമർ(ﷺ)ന്റെയും 'ആഥാറു'കൾ കൊണ്ട് സ്വഹാബികൾ ആരും ബർക്കത്തെടുക്കാതിരുന്നത്. അവരാകട്ടെ, നബി(ﷺ)ക്കു ശേഷം ഈ ഉമ്മത്തിലെ ഏറ്റവും ഉൽകൃഷ്ടരായ വ്യക്തിത്വങ്ങളാണ്.

അപ്രകാരം തന്നെ ഔലിയാക്കളെ കൊണ്ട് സത്യം ചെയ്യലും പാടുള്ളതല്ല. 'സയ്യിദ് ബദവിയുടെ ജീവിതം തന്നെയാണെ സത്യം!'[8] എന്നിങ്ങനെ പറയൽ അനുവദനീയമല്ല. കാരണം, നബി(ﷺ) പറയുന്നു:

**من كانَ حالفًا فَلْيحلف بِالله أو ليصمت**

''ആരെങ്കിലും സത്യം ചെയ്യുകയാണെങ്കിൽ അല്ലാഹുവിനെ കൊണ്ട് സത്യം ചെയ്യട്ടെ! അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ!'' (ബുഖാരി, മുസ്‌ലിം)

അവിടുന്ന് പറഞ്ഞു:

**من حلف بِغير الله فَقَد كفَر أو أشرك**

''ആരെങ്കിലും അല്ലാഹുവല്ലാത്തവരെ കൊണ്ട് സത്യം ചെയ്താൽ, തീർച്ചയായും അയാൾ അവിശ്വാസി(കാഫിർ) ആയി. അല്ലെങ്കിൽ ബഹുദൈവ വിശ്വാസി (മുശ്‌രിക്ക്) ആയി.'' (അഹ്മദ്, തിർമിദി)

പ്രവാചക കാലഘട്ടത്തിലെയും സ്വഹാബത്തിന്റെ കാലഘട്ടത്തിലെയും സ്ഥിതി വിശേഷങ്ങളെ കുറിച്ച് എന്താണ് മനസ്സിലാക്കിയത്? പിൻകാലക്കാരായ ഈ സൂഫിയ്യാക്കൾ ആ കാലക്കാരേക്കാൾ ഉൽകൃഷ്ടരാണെന്നാണോ? അതു മാത്രമല്ല ചിന്തയും ബുദ്ധിയുമൊക്കെ ഒഴിവാക്കണമെന്നും തങ്ങളുടെ പക്കലുള്ള മതനിയമങ്ങളിലേക്കൊന്നും നോക്കരുതെന്നും ഔലിയാക്കളെന്ന് തങ്ങൾ പറയുന്ന ആളുകളെ അനുസരിക്കുകയാണ് വേണ്ടതെന്നുമാണ് മുരീദന്മാരോട് ഇവർ ആവശ്യപ്പെടുന്നത്.

കറാമത്തുകളെ കുറിച്ച് പറയുകയാണെങ്കിൽ നാം അവയിൽ വിശ്വസിക്കുന്നു. പക്ഷേ, കറാമത്തു നൽകപ്പെടാത്തവരേക്കാൾ അത് നൽകപ്പെട്ടവരാണ് ഏറ്റവും ഉത്തമർ എന്നില്ല. ചിലപ്പോൾ ഏറ്റവും ഉത്തമരായവർക്ക് നൽകാതെ അവർക്ക് താഴെയുള്ള ഉത്തമർക്ക് അത് നൽകപ്പെട്ടേക്കാം. ചിലപ്പോൾ അത് ഒരു പരീക്ഷണവുമായേക്കാം. അതായത്, അതുണ്ടായതിന് ശേഷവും അയാൾ നബി(ﷺ)യുടെ മാതൃക മുറുകെ പിടിച്ച് ജീവിക്കുന്നുണ്ടോ അതല്ല അഹംഭാവം നടിച്ച് തന്റെ സ്ഥിതിയിൽ വഞ്ചിതനാവുകയാണോ എന്ന പരീക്ഷണം. പിന്നെ കറാമത്തുണ്ടാവുകയെന്നത് ലക്ഷ്യമല്ല. കറാമത്തുകൊണ്ട് ഒരാളുടെ സ്ഥാനം അല്ലാഹുവിന്റെയടുക്കൽ വർദ്ധിക്കുന്നില്ല. പ്രത്യുത അല്ലാഹുവിനെ അനുസസരിച്ച് അവന് വഴിപ്പെട്ട് ജീവിക്കുന്നതിലൂടെയാണ് ഒരാളുടെ പദവി അധികരിക്കുന്നത്. അതുകൊണ്ടാണിങ്ങനെ പറയുന്നത്; ''നീ നേർമാർഗത്തിലുറച്ച് നിൽക്കാനായി പ്രാർഥിക്കുക, അല്ലാതെ കറാമത്തിന് വേണ്ടിയല്ല പ്രാർഥിക്കേണ്ടത്. നിന്റെ റബ്ബ് നിന്നിൽ നിന്ന് നേരെ ചൊവ്വേ നിലനിൽക്കലാണ് (ഇസ്തിഖാമത്ത്)ആവശ്യപ്പെടുന്നത്. കറാമത്തുണ്ടാവുക എന്നതല്ല ഒരാൾ വലിയ്യാകുന്നതിനുള്ള മാനദണ്ഡം. 'വിലായത്ത്' സത്യ വിശ്വാസം കൊണ്ടും തഖ്‌വ കൊണ്ടുമാണ് ഉണ്ടാകുന്നത്. അല്ലാതെ കറാമത്തുകൾ കൊണ്ടല്ല''. അല്ലാഹു പറയുന്നു:

---

[7] അവരുടെ ശേഷിപ്പുകൾ എന്ന് സാരം. അഥവാ അവർ ഉപയോഗച്ചതും ഉപേക്ഷിച്ചുപോയതുമായ വസ്തുക്കൾ.(വിവർത്തകൻ)

[8] നമ്മുടെ നാട്ടിൽ മുഹ്‌യുദ്ധീൻ ശൈഖ്തന്നെയാണെ സത്യം! ബദ്‌രീങ്ങൾ തന്നെയാണെ സത്യം! എന്നൊക്കെ പറയാറുള്ളതും ഇതുപോലെയാണ്. (വിവർത്തകൻ)

أَلَآ إِنَّ أَوۡلِيَآءَ ٱللَّهِ لَا خَوۡفٌ عَلَيۡهِمۡ وَلَا هُمۡ يَحۡزَنُونَ ﴿٦٢﴾ ٱلَّذِينَ ءَامَنُواْ وَكَانُواْ يَتَّقُونَ ﴿٦٣﴾

''ശ്രദ്ധിക്കുക: തീർച്ചയായും അല്ലാഹുവിന്റെ മിത്രങ്ങളാരോ അവർക്ക് യാതൊരു ഭയവുമില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല. വിശ്വസിക്കുകയും സൂക്ഷ്മത പാലിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ.'' (10:62,63)

അസാധാരണ സംഭവങ്ങളുണ്ടായില്ല എന്നതുകൊണ്ട് ഒരു സത്യവിശ്വാസിക്ക് യാതൊരു തകരാറുമില്ല. അല്ലാഹുവിന്റെയടുക്കൽ അയാളുടെ പദവിക്ക് യാതൊരു കുറവും സംഭവിക്കുകയില്ല. എന്നാൽ പ്രാർഥനക്ക് ഉത്തരം കിട്ടുന്നതിനെ കുറിച്ചാണെങ്കിൽ അല്ലാഹുവിനോട് പ്രാർഥിക്കുന്നവർക്ക് അവൻ ഉത്തരം ചെയ്യും എന്നതാണ് അടിസ്ഥാനം. എന്നാൽ പ്രാർഥനക്ക് ഉത്തരം കിട്ടുന്നതിന് ചില പ്രതിബന്ധങ്ങൾ ഒരുപക്ഷേ ഉണ്ടായേക്കും. അതല്ലെങ്കിൽ ചിലപ്പോൾ ആ പ്രാർഥനക്കുത്തരം കിട്ടാതിരിക്കലായിരിക്കും ആ അടിമയെ സംബന്ധിച്ചിടത്തോളം നന്മയായിട്ടുള്ളത്. അങ്ങനെ അതിന്റെ പ്രതിഫലം അല്ലാഹു അയാൾക്ക് പരലോകത്തേക്ക് സൂക്ഷിച്ചുവെക്കും. അല്ലാതെ ഒരാളുടെ പ്രാർഥനക്കുത്തരം കിട്ടി എന്നതുകൊണ്ട് മറ്റുള്ളവരേക്കാളൊക്കെ ഉൽകൃഷ്ടനാണ് ആ വ്യക്തി എന്നോ, അല്ലാഹുവിനോട് അനുസരണക്കേടാവുന്ന കാര്യങ്ങളിലും അയാളെ അനുസരിക്കാമെന്നോ അതിനർഥമില്ല. 'പുനരുദ്ധാന നാൾ വരേക്കും ആയുസ്സ് നൽകേണമേ' എന്ന ഇബ്ലീസിന്റെ പ്രാർഥനക്കും ഉത്തരം നൽകപ്പെട്ടിട്ടുണ്ടല്ലോ. മഹാനായ മുഹമ്മദ് നബി(ﷺ) അല്ലാഹുവിനോട് പ്രാർഥിച്ച അനവധി പ്രാർഥനകൾക്ക് ഉത്തരം കിട്ടിയിട്ടുണ്ട് എന്നതിനോടൊപ്പം തന്നെ തന്റെ പിതൃവ്യനായ അബൂത്വാലിബിന് വേണ്ടി പ്രാർഥിച്ചതിന് ഉത്തരം കിട്ടിയില്ല. എന്നു മാത്രമല്ല അല്ലാഹുവിന്റെ ഈ വചനം അവതരിക്കുകയാണ് ചെയ്തത്.

إِنَّكَ لَا تَهۡدِي مَنۡ أَحۡبَبۡتَ وَلَٰكِنَّ ٱللَّهَ يَهۡدِي مَن يَشَآءُۚ وَهُوَ أَعۡلَمُ بِٱلۡمُهۡتَدِينَ ﴿٥٦﴾

"തീർച്ചയായും നിനക്കിഷ്ടപ്പെട്ടവരെ നിനക്ക് നേർവഴിയിലാക്കാനാവില്ല. പക്ഷേ അല്ലാഹു താനുദ്ദേശിച്ചവരെ നേർവഴിയിലാക്കുന്നു. സന്മാർഗം പ്രാപിക്കുന്നവരെ പറ്റി അവൻ നല്ലവണ്ണം അറിയുന്നവനാകുന്നു." (28:56)